## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 308** **01-02-2023 - ൽ മറുപടിയ്ക്ക്**

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ക്രിസ്തുമസ്-പുതുവത്സരത്തോടനുബന്ധിച്ച് പ്രത്യേക ചന്തകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ; രാജ്യത്താകെ വിലക്കയറ്റം രൂക്ഷമാകുമ്പോൾ സംസ്ഥാനത്ത് വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് ഇത്തരം നടപടികൾ എങ്ങനെയെല്ലാം സഹായകരമായിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ ക്രിസ്തുമസ്-പുതുവത്സരത്തോടനുബന്ധിച്ച് പ്രത്യേക ഫെയറുകൾ സംഘടിപ്പിച്ചിരുന്നു. എല്ലാ വർഷവും ക്രിസ്മസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോയുടെ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, ഏറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്മസ് ഫെയറുകൾ സംഘടിപ്പിച്ച വരുന്നുണ്ട്. ഇത്തവണയും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ 22/12/2022 മുതൽ 02/01/2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്മസ്–പുതുവത്സര ഫെയറുകൾ സംഘടിപ്പിച്ചിരുന്നു. ഇക്കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ മുതലായ വിൽപ്പനശാലകളും ക്രിസ്മസ്–പുതുവത്സര മാർക്കറ്റുകളായി പ്രവർത്തിച്ചിരുന്നു.<br><br>രാജ്യത്താകെ വിലക്കയറ്റം രൂക്ഷമാകുമ്പോൾ സംസ്ഥാനത്ത് വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിന് ഇത്തരം നടപടികൾ പൊതു ജനങ്ങൾക്ക് വളരെയധികം സഹായകരമായിട്ടുണ്ട്. സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴിയും വിവിധ ഫെയറുകൾ വഴിയും സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നുണ്ട്. 2016 മെയ് മാസം മുതൽ ടി സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയേക്കാൾ 31 മുതൽ 76 ശതമാനം വരെ |

| | | | |
|---|---|---|---|
| | | | വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. |
| (ബി) | ക്രമക്കേടുകൾ തടയുന്നതിന്റെ ഭാഗമായി നിത്യോപയോഗ സാധനങ്ങൾ വിതരണ കേന്ദ്രങ്ങളിൽ എത്തിച്ചു കൊടുക്കുന്ന വാഹനങ്ങളിൽ പ്രത്യേക കളർകോഡ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 നടപ്പിലാക്കിയതിന്റെ ഭാഗമായി ഭക്ഷ്യ ധാന്യവിതരണവും അനുബന്ധപ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനായി വാതിൽപ്പടി വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ വേഗത്തിൽ തിരിച്ചറിയുന്നതിനായി ഒരു ഏകീകൃത കളർ കോഡ് (വാഹനങ്ങളുടെ നാല് വശവും സർക്കാർ നിശ്ചയിക്കുന്ന ചുവപ്പും മഞ്ഞയും നിറത്തിലുള്ള മുദ്ര) പതിപ്പിക്കുന്നതിന് അനുമതി 22/12/2020 ലെ സ.ഉ (സാധാ)നം. 356/2020/ ഭ.പൊ.വി.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ കളർകോഡ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ട്രാൻസ്പോർട്ട് കമ്മീഷണറിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ